# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3032** **10.05.2017-ൽ മറുപടിക്ക്**

## ഇ-ഹെൽത്ത് പദ്ധതി

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|
| ആരോഗ്യ മേഖലയിൽ വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതിയുടെ വിശദാംശം നല്കാമോ? | കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് **ഇ ഹെൽത്ത് കേരള**. ഈ ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ തേടി എത്തുന്ന വ്യക്തികളുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചു ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ, ഓരോ വ്യക്തിയുടേയും ആധാർ, വോട്ടർ ഐഡി മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന, തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചു നടത്തുന്ന ദൈനംദിന സർവ്വേകൾ വഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരം കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും. ഇ ഹെൽത്ത് പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടനം 2017 ജനുവരി 25 വൈകുന്നേരം 4 മണിയ്ക്ക് പേരൂർക്കട സർക്കാർ ജില്ലാ മോഡൽ ആശുപത്രിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്ഘാടനം ചെയ്തു.<br><br>വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക, കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പി ച്ച് കമ്പ്യൂട്ടർവത്കൃത സേവനങ്ങൾ ലഭ്യമാക്കുക, കേരളത്തിലെ സർക്കാർ |

| | | | |
|---|---|---|---|
| | | | മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാവിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.<br><br>കേന്ദ്രസർക്കാരിൻെറ വിഹിതമായി 86.6945 കോടി രൂപയും കേരള സർക്കാർ വിഹിതമായി 9.4259 കോടി രൂപയുമാണ് (ആകെ 96.1204 കോടി രൂപ) ഈ പദ്ധതിയ്ക്ക് ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളത്.<br><br>വൈദ്യ ശാസ്ത്ര ഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയപരിപാടികളുടെ രൂപവത്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പുരോഗതിക്ക് സഹായകമാകുന്നതാണ് ഈ പദ്ധതി. വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, വെള്ളനാട്, മണമ്പൂർ, എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ചിറയിൻകീഴ് , ഫോർട്ട്, എന്നീ താലൂക്ക് ആശുപത്രികൾ, പേരൂർക്കട ജില്ലാ ആശുപത്രി, വിമൺ & ചൈൽഡ് ആശുപത്രി, തൈക്കാട്, സ്റ്റേറ്റ് ടി.ബി സെന്റർ, പബ്ലിക് ഹെൽത്ത് ലാബ്, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തിരെഞ്ഞെടുത്തിട്ടുണ്ട്. അതിനെ തുടർന്ന്, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നിങ്ങനെ 7 ജില്ലകളിൽ പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുകയും രണ്ടാം ഘട്ടത്തിൽ പദ്ധതി മറ്റ് 7 ജില്ലകളിൽ കൂടി വ്യാപിപ്പിക്കുകയും ചെയ്യുന്നതോടെ കേരളത്തിൽ സർക്കാർ മേഖലയിലെ അലോപ്പതി പൊതുജനാരോഗ്യ കേന്ദ്രങ്ങൾ പൂർണ്ണമായും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ അധിഷ്ഠിത ശൃംഖലയുടെ ഭാഗമായി മാറുന്നതാണ്. ഇത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതോടെ ആരോഗ്യരംഗത്ത് സമഗ്രമാറ്റം കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുന്നതാണ്. |

**സെക്ഷൻ ഓഫീസർ**